File No.FWLD-D1/33/2019-FWLD

പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 239

12.02.2019-ൽ മറുപടിയ്ക്ക്.

<u>വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.വി.അബ്ദുറഹിമാൻ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായി വനമേഖലകളിൽ നിന്നുള്ള തടി ഉൾപ്പെടെയുള്ള വിവിധ ജീവനോപാധി മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിലെ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ ഓരോ ഡിവിഷന്റെയും വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി തടി ഉൾപ്പെടെയുള്ള വിവിധ ജീവനോപാധി മാർഗ്ഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. 2018-19 വർഷത്തിൽ വനം വകുപ്പിന്റെ വിവിധ ഡിപ്പോകൾ വഴി ഉദ്ദേശം 200 കോടി രൂപയുടെ വരുമാനം ചന്ദനമുൾപ്പെടെയുള്ള തടി വിൽപ്പനയിലൂടെ പ്രതീക്ഷിക്കുന്നു. 2019-20 വർഷത്തിൽ 250 കോടിരൂപ തടി വിൽപ്പനയിലൂടെ വരുമാനം പ്രതീക്ഷിക്കുന്നു. 2018 ആഗസ്റ്റുമാസം മുതൽ വനം വകുപ്പിന്റെ തെരഞ്ഞെടുത്ത 6 ഡിപ്പോകൾ വഴി ചന്ദനം ചില്ലറ വിൽപന നടത്തി വരുന്നു. 358.22 കിലോ ചന്ദനം ചില്ലറവിൽപ്പന വഴി വിറ്റിട്ടുള്ളതാണ്.<br><br>വനം വകുപ്പിലെ വിവിധ ടെറിട്ടോറിയൽ ഡിവിഷനുകളിൽ നിന്നും അംഗീകൃത വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസരണമായി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷനും പരമ്പരാഗത പനമ്പ്നെയ്ത്ത് തൊഴിലാളികൾക്കും ഗോത്രവർഗ്ഗ ഈറ്റവെട്ട് |

തൊഴിലാളികൾക്കും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2018 വർഷത്തിൽ 9700 മെട്രിക് ടൺ ഈറ്റ അനുവദിച്ചിട്ടുള്ളതാണ്, കൂടാതെ, പ്രാദേശിക അടിസ്ഥാനത്തിൽ ഈറ്റ, മുള എന്നിവ സർക്കാർ ഉത്തരവ് (കൈ) 3/2018/വനം തീയതി 09.02.2018 പ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശാനുസരണം നിയമാനുസൃതമായി നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 31.12.2018 വരെ വനം വകുപ്പ് 194.51 കോടി രൂപ റവന്യൂ വരുമാനമായി സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ശബരിമലയിലെ പമ്പയിൽ ഉദ്ദേശം 90,000 ക്യൂബിക് മീറ്റർ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇങ്ങനെയടിഞ്ഞുകൂടിയ മണൽ വിൽപനയ്ക്ക് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കുവേണ്ടി എഴുതിയിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മണൽ വിൽപനയിലൂടെ ഉദ്ദേശം 25 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. വനത്തിനുള്ളിൽ വീണുകിടക്കുന്ന വിലപിടിപ്പുള്ള തടികൾ വർക്കിംഗ് പ്ലാൻ നിബന്ധനകൾക്കനുസൃതമായി ശേഖരിച്ച് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2018 വർഷത്തിൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നിവ ശേഖരിക്കുന്നതിന് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നുവെങ്കിലും ശേഖരണം നടന്നിട്ടില്ല, 2019-20 വർഷം മുതൽ അക്കേഷ്യ ഓറിക്കുലിഫോമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ എന്നീ ഇനങ്ങൾ ഓപ്പൺ ഓക്ഷൻ വഴി വിൽപന നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

വനവിഭവ ശേഖരണവും വിപണനവും വനാശ്രിതരായ പട്ടികവർഗ്ഗക്കാരുടെ പ്രധാന ജീവനോപാധി മാർഗ്ഗമാണ്. വനാവകാശ നിയമം 2006-ൽ നിലവിൽ വന്നതോടെ വനവിഭവ ശേഖരണവും വിപണനവും പട്ടികവർഗ്ഗക്കാരുടെ അവകാശമാണ്. കേരളത്തിലെ വനങ്ങളിൽ നിന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വർഷം തോറും അനുവാദം നൽകി വരുന്നു. ഇത്തരത്തിൽ ഏകദേശം 145 ഇനങ്ങൾ വനത്തിൽ നിന്നും ശേഖരിക്കുന്നതിനാണ് അനുവാദം നൽകി വരുന്നത്. വനവിഭവങ്ങൾ പട്ടികവർഗ്ഗക്കാർ നേരിട്ടും പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വഴിയും വിപണനം ചെയ്തു വരുന്നു. വനവിഭവങ്ങൾ പട്ടികവർഗ്ഗക്കാർ തന്നെ ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതെ നേരിട്ട് വിപണനം

| | |
|---|---|
| | ചെയ്യുന്നതു മൂലം ടി ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും അതുവഴി വരുമാന വർദ്ധനവിനും കൂടുതൽ ലാഭം ലഭിക്കുന്നതിനും ഇടവരുത്തുന്നു. വനവിഭവ വിപണനത്തിനായി "വനശ്രീ" പദ്ധതി വനം വകുപ്പ് നടപ്പാക്കി വരുന്നു. രണ്ട് മൊബൈൽ യൂണിറ്റുകളും 35 ഇക്കോ ഷോപ്പുകളും വഴി ഉല്പന്നങ്ങൾ വിപണനം ചെയ്തു വരുന്നു. വനശ്രീ ഉല്പന്നങ്ങളുടെ നിലവിലെ വലിയ തോതിലുള്ള സ്വീകാര്യതയും, മാറിയ വിപണന സാഹചര്യങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുമായി കേന്ദ്ര പട്ടികവർഗ്ഗ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ് മെന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ (TRIFED) വഴി വനശ്രീ ഉല്പന്നങ്ങളും തിരിച്ചും വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്കായി കരാർ ചെയ്തിട്ടുണ്ട്. കൂടാതെ വനശ്രീ ഉല്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിനായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) വനത്തിൽ നിന്നുള്ള ജീവനോപാധി സാധ്യതകളെ തടിയിൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ മാത്രമായി പരിമിതപ്പെടുത്താതെ, തടിയിതര ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും ഉറപ്പുവരുത്തി വലിയ തോതിലുള്ള വരുമാന വർദ്ധന സാധ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) വനവിഭവങ്ങൾക്ക് കൂടുതൽ മാർക്കറ്റ്, വില എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വനം വകുപ്പ് വനശ്രീ പദ്ധതി നടപ്പാക്കി വരുന്നത്. തനത് ഉല്പന്നങ്ങളുടേയും, മറ്റ് ഏജൻസികളുടേയും വിഭവങ്ങൾ വനശ്രീ വഴി വിറ്റഴിക്കുന്നതിലൂടെ കൂടുതൽ വിപണിയും ലാഭവും വനശ്രീ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഇത്തരത്തിൽ വനവിഭവ വിപണനം വഴി ഏകദേശം 6.50 കോടി രൂപയുടെ വിറ്റുവരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോ ഷോപ്പുകൾക്ക് ലഭിച്ചിട്ടുണ്ട്. വിഭവ വിപുലീകരണത്തിനും കൂടുതൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനായി TRIFED പോലെയുള്ള സ്ഥാപനങ്ങളുമായി ഒപ്പം ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവഴി വിപണന സാദ്ധ്യതകൾ വലിയ തോതിൽ വിപുലീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>വനം വകുപ്പിനുകീഴിൽ 60 ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇവ വനാശ്രിതരായ പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ളവർക്ക് ജീവനോപാധിയായി നിലനിൽക്കുന്നു. |

| | |
|---|---|
| (സി) ഇതിന്റെ ഭാഗമായി തടിയിതര വിഭവങ്ങളുടെ ലഭ്യതയും അതിന്റെ വിപണി ആവശ്യകതയും സംബന്ധിച്ച് പഠനം നടത്തുന്നതിനും വനവിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും അതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) തടിയിതര വിഭവങ്ങളുടെ ലഭ്യതയും അതിന്റെ വിപണി ആവശ്യകതയും സംബന്ധിച്ച് പഠനം നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ് മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്മേലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, കേന്ദ്ര ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ വനവിഭവങ്ങളുടെ ശേഖരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയ്ക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ, സാങ്കേതിക സഹായങ്ങൾ, പരിശീലന പരിപാടികൾ എന്നിവ വനസംരക്ഷണ സമിതികൾക്കും ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികൾക്കും ഏർപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ